# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **3678**

15.05.2017-ൽ മറുപടിക്ക്

## മക്കരപ്പറമ്പ് വൈലോങ്ങര ബൈപ്പാസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ | ശ്രീ. ജി.സുധാകരൻ<br>(ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) 2016-17 ലെ സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തിയ മക്കരപ്പറമ്പ് ബൈപ്പാസ് നിർമ്മാണത്തിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം ഈ പ്രവൃത്തി ഏറ്റെടുത്തിട്ടുണ്ടെങ്കിലും ദർഘാസ് നടപടികൾ പൂർത്തീകരിക്കാൻ കഴിയാതെ പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി നടപ്പിലാക്കുവാൻ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയവുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുമോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>(എ) & (ബി) കേന്ദ്ര ഗതാഗത മന്ത്രാലയത്തിൽ നിന്നും പ്രസ്തുത ബൈപ്പാസ് നിർമ്മിക്കുന്നതിനുള്ള സാദ്ധ്യതാ പഠനം നടത്തുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. അതിൻ പ്രകാരം ദർഘാസ് ക്ഷണിച്ചെങ്കിലും ആരും പങ്കെടുത്തിട്ടില്ല. പുനർ ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ദർഘാസ് നടപടി പൂർത്തിയായാൽ മാത്രമേ പ്രവൃത്തി ആരംഭിക്കുവാൻ കഴിയുകയുള്ളൂ. |
| (സി) വൈലോങ്ങര ബൈപ്പാസ് നിർമ്മാണത്തിന്റെ പ്രവർത്തന പുരോഗതി വിശദീകരിക്കാമോ; ആർ.ബി.ഡി.സി.കെ. (റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള) ഇത് സംബന്ധിച്ച നടത്തിയ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ? | (സി) വൈലോങ്ങര ബൈപ്പാസ് നിർമ്മാണത്തിന്റെ ട്രാഫിക് സർവ്വെ പൂർത്തിയാക്കി, ടൊപ്പോഗ്രഫിക്ക് സർവ്വെ നടന്നുകൊണ്ടിരിക്കുന്നു. |

S. Bindu

സെക്ഷൻ ഓഫീസർ